I. ഇ.ബി. XV-കേരള നിയമസഭ/XVI-5

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ജനുവരി 28, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അറിയിപ്പ്

മി. സ്പീക്കർ: മഹാരാഷ്ട്രയിലെ ബാരാമതിയിൽ ഇന്ന് രാവിലെ 8.45-ന് സംഭവിച്ച വിമാനാപകടത്തിൽ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാർ ഉൾപ്പെടെ അഞ്ചുപേർ മരണപ്പെട്ട ദു:ഖവാർത്ത സഭയെ അറിയിക്കുന്നു.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: വിളപ്പിൽശാല സർക്കാർ ആശുപത്രിയിൽ മതിയായ ചികിത്സ ലഭിക്കാതെ കൊല്ലംകോണം സ്വദേശി ബിസ്മിർ മരിച്ച സംഭവമടക്കം കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഉണ്ടാകുന്ന ചികിത്സാ പിഴവുകളും ആരോഗ്യ മേഖല അഭിമുഖീകരിക്കുന്ന ഗുരുതര പ്രതിസന്ധിയും ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സംസ്ഥാന സർക്കാർ ആരോഗ്യ മേഖലയിൽ മികച്ച വികസന പ്രവർത്തനങ്ങൾ നടത്തുകയും നൂതന ചികിത്സാ സംവിധാനങ്ങളൊരുക്കുകയും ചെയ്ത് മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ

തീരുമാനിച്ചു.)

## III. ശ്രദ്ധക്ഷണിക്കൽ

### (1) തോട്ടം തൊഴിലാളികളുടെയും അനുബന്ധ ജീവനക്കാരുടെയും വേതനവും ആനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. എസ്. സുപാൽ: സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെയും അനുബന്ധ ജീവനക്കാരുടെയും വേതനവും ആനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും വിള വ്യത്യാസമില്ലാതെ വേതനം ഏകീകരിക്കുന്നതിനും പ്രത്യേക ഭവനനിർമ്മാണ പദ്ധതി, ഇ.എസ്.ഐ. എന്നിവ നടപ്പിലാക്കുന്നതിനും ലയങ്ങൾ പുനരുദ്ധരിക്കുന്നതിനും അലവൻസുകൾ വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): തോട്ടം തൊഴിലാളികളുടെയും ജീവനക്കാരുടെയും വേതനവും മറ്റാനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിച്ച് 1-1-2026 പ്രാബല്യത്തിൽ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ വേതനം ലഭിക്കുന്നതുവരെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്. തോട്ടം തൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ കേരള മുഖേന മൂന്നാർ കുറ്റ്യാർവാലിയിൽ ഒമ്പത് വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. നിലവിൽ പൂട്ടിക്കിടക്കുന്ന ബോണക്കാട്, പീരുമേട് എസ്റ്റേറ്റുകളിലെ ലയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരികയാണ്. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ പൂട്ടിക്കിടക്കുന്ന ലയങ്ങളുടെ അറ്റകുറ്റ പ്രവൃത്തികൾ നടത്തുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് മുഖേന നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. പരിധിയിൽനിന്നും ഒഴിവാക്കിയെങ്കിലും 1951-ലെ പ്ലാന്റേഷൻ ലേബർ നിയമത്തിലെ പരിരക്ഷയിൽ ഉൾപ്പെടുത്തി സമഗ്ര സാമൂഹ്യ സുരക്ഷ ലഭ്യമാക്കുന്നുണ്ട്.

(2) ദേശീയപാത 66-ലെ തലപ്പാടി-ചെങ്കള റീച്ചിലെ

ടോൾ പിരിവ് പിൻവലിക്കൽ

ശ്രീ. എ. കെ. എം. അഷ്റഫ്: ദേശീയപാത 66-ലെ തലപ്പാടി-ചെങ്കള റീച്ചിലെ കുമ്പളയിൽ നിർമ്മിച്ച താൽക്കാലിക ടോൾ ബൂത്തിന്റെ അനുമതി റദ്ദാക്കുന്നതിനും ടോൾ പിരിവ് പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത 66-ലെ പ്രവൃത്തി പൂർത്തീകരിച്ച തലപ്പാടി-ചെങ്കള റീച്ചിൽ താൽക്കാലിക ടോൾ ബൂത്ത് നിർമ്മിച്ച് ടോൾ പിരിക്കുന്നത് സംബന്ധിച്ച വിഷയം ഒരിക്കൽക്കൂടി ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. സംസ്ഥാനങ്ങളിലെ ദേശീയപാതകളുടെ നിർമ്മാണം, ഡിസൈൻ, ഫണ്ട് തുടങ്ങിയവ സംബന്ധിച്ച് കേന്ദ്ര സർക്കാരാണ് തീരുമാനിക്കുന്നതെങ്കിലും ദേശീയപാത 66 യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ കിഫ്ബി ഫണ്ടിൽനിന്ന് 5,580 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കാനായി സർക്കാരിന് സാധ്യമാകുന്ന ഇടപെടലുകൾ നടത്തുന്നുണ്ട്.

## IV. സബ്മിഷൻ

(1) കേരള ഹാൻഡ്‌ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്

സൊസൈറ്റിയുടെ പ്രവർത്തനം

ശ്രീമതി കെ. കെ. രമ: വടകര നിയോജകമണ്ഡലത്തിലെ കേരള ഹാൻഡ്‌ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ തൊഴിലാളികൾക്ക് കൂലി, യൂണിഫോം അലവൻസ്, റിബേറ്റ്, പ്രൊഡക്ഷൻ ഇൻസെന്റീവ് തുടങ്ങിയ ഇനങ്ങളിൽ നൽകാനുള്ള കുടിശ്ശിക തുക ലഭ്യമാക്കാനും സംഘത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കേരള ഹാൻഡ്‌ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ തൊഴിലാളികൾക്ക് 2025 ഒക്ടോബർ വരെയുള്ള കൂലി അനുവദിച്ചുനൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഹാൻടെക്സിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനായി തയ്യാറാക്കിയ റിവൈവൽ പാക്കേജിന് 15 കോടി രൂപയുടെ

ഭരണാനുമതി നൽകുകയും 2 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സംഘത്തിലെ കൂലി ഇനത്തിൽ നൽകാനുള്ള കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്. പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിലെ കുടിശ്ശിക തീർക്കുന്നതിനായി കുടിശ്ശിക നിവാരണ ഫണ്ട് അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംഘത്തെ കൂടുതൽ മികവുറ്റതാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(2) കോന്നി-ചെങ്ങറ എസ്റ്റേറ്റിലെ കടുവ ശല്യം

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി-ചെങ്ങറ എസ്റ്റേറ്റ് പ്രദേശത്തെ തൊഴിലാളികൾക്കും യാത്രക്കാർക്കും ഭീഷണിയായ കടുവയെ പിടികൂടുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കോന്നി ചെങ്ങറ എസ്റ്റേറ്റിലെ കടുവ ശല്യം സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സ്ഥലം സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. അവിടെ ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യവും കൂടുതൽ പരിശോധനാ സംവിധാനവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) കോട്ടപ്പാറ വനമേഖലയിൽ ഹാങ്ങിങ് ഫെൻസിങ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി

ശ്രീ. ആന്റണി ജോൺ: കോതമംഗലം നിയോജകമണ്ഡലത്തിലെ കോട്ടപ്പാറ വനമേഖലയിൽ ഹാങ്ങിങ് ഫെൻസിങിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും കൂടുതൽ മേഖലകളിൽ ട്രഞ്ച് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കോതമംഗലം വനമേഖലയുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സോളാർ തൂക്കുവേലി നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് കേരള പോലീസ് ഹൗസിങ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ അധികാരികളുമായി ചർച്ച ചെയ്യുന്നതാണ്. കോതമംഗലത്തെ ഒരു സ്പെഷ്യൽ സോണായി കണക്കാക്കി ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

(4) താമരശ്ശേരി ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ നടപടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താമരശ്ശേരി ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റിൽനിന്ന് ദുർഗന്ധം വമിക്കുന്നതിന് പരിഹാരമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): താമരശ്ശേരി ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രോസസിങ് ക്വാണ്ടിറ്റി 20 ടണ്ണായി പരിമിതപ്പെടുത്തുകയും വൈകുന്നേരം 6.30 മുതൽ രാത്രി 12 മണിവരെയുള്ള പ്രവർത്തനം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. മലിനജലം ട്രീറ്റ് ചെയ്യുന്ന എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കോഴിക്കോട് എൻ.ഐ.ടി.-യുടെയും പരിശോധന നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദുർഗന്ധത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി തിരുവനന്തപുരം സി.എസ്.ഐ.ആർ.-ഉം എൻ.ഐ.ഐ.എസ്.ടി.-യുമായി ചേർന്ന് പരിശോധന നടത്തി പരിഹാര മാർഗങ്ങൾ ലഭ്യമാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

(5) ചെറുവത്തൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാൻ നടപടി

ശ്രീ. എം. രാജഗോപാലൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവത്തൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് രൂപരേഖ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭ്യമാകാത്തതിനാൽ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് നബാർഡിന്റെ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനായി 43 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. സി.ഐ.സി.ഇ.എഫ്. നിർദേശിച്ച ഭേദഗതിയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കി എഫ്.ഐ.ഡി.എഫ്. പോർട്ടലിൽ സമർപ്പിക്കുന്നതാണ്.

(6) ബീനാച്ചി - പനമരം റോഡ് പ്രവൃത്തി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ബീനാച്ചി-പനമരം റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെട്ട ബീനാച്ചി-പനമരം റോഡിന്റെ രണ്ടാംഘട്ട നിർമ്മാണം 70 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിങ് വൈകിയതിനാൽ റോഡ് നവീകരണ പ്രവൃത്തിയിൽനിന്നും കരാറുകാരെ ഒഴിവാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി പുതുക്കിയ പ്രൊപ്പോസലും എസ്റ്റിമേറ്റും കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടി സ്വീകരിക്കുന്നതാണ്.

(7) കല്ലൂരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: അഴീക്കോട് നിയോജകമണ്ഡലത്തിലെ കല്ലൂരിക്കടവ് പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കല്ലൂരിക്കടവ് പാലത്തിലെ അപ്രോച്ച് റോഡുകളുടെ നീളം വർധിപ്പിക്കുകയും അലൈൻമെന്റ് പുതുക്കുകയും ചെയ്തതിനാൽ റിവൈസ്ഡ് ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. പദ്ധതി നടത്തിപ്പിനായി പാപ്പിനിശ്ശേരി നാറാത്ത് ഗ്രാമപഞ്ചായത്തുകളിലെ ഭൂവുടമകൾ സ്ഥലം സൗജന്യമായി വിട്ടുനൽകാത്തതിനാൽ ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് കിഫ്ബിയിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉദ്യോഗസ്ഥരെയും ബന്ധപ്പെട്ട എം.എൽ.എ.-യെയും ഉൾപ്പെടുത്തി യോഗം ചേരുന്നതാണ്.

(8) തിരുവേഗപ്പുറ പാലത്തിന് സമാന്തര പാലം നിർമ്മിക്കുന്നതിനും കലുക്കല്ലൂർ-എരവത്ര-വല്ലപ്പുഴ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും നടപടി

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി നിയോജകമണ്ഡലത്തിലുൾപ്പെട്ട തിരുവേഗപ്പുറ പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിനും വാടാനാംകുറിശ്ശി റെയിൽവേ

മേൽപ്പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കല്ലുക്കല്ലൂർ-എരവത്ര-വല്ലപ്പുഴ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പട്ടാമ്പി നിയോജകമണ്ഡലത്തിലുൾപ്പെട്ട തിരുവേഗപ്പുറ പാലത്തിന്റെ അറ്റകുറ്റപ്പണികൾ അന്തിമഘട്ടത്തിലാണ്. ഈ പാലത്തിന് സമാന്തരപാലം നിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് എ.എസ്. നൽകുന്നതിന് പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകുന്നതാണ്. വാടാനാംകുറിശ്ശി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. മേൽപ്പാലത്തിന്റെ ക്രാഷ് ബാരിയർ, റീട്ടെയിനിങ് വാൾ, ഡ്രെയിനേജ്, ബി.സി. ഫിനിഷിങ് പ്രവൃത്തികൾ തുടങ്ങിയവ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. കല്ലുക്കല്ലൂർ-എരവത്ര-വല്ലപ്പുഴ റോഡ് നിർമ്മാണത്തിലെ സാങ്കേതിക പ്രശ്നം പരിഹരിച്ച് നവീകരണം സാധ്യമാക്കുന്നതാണ്.

(9) അടിമാലിയിൽ മണ്ണിടിഞ്ഞ് മരണപ്പെട്ടയാളുടെ കുടുംബത്തിന് ധനസഹായം

ശ്രീ. എ. രാജ: കൊച്ചി ധനുഷ്കോടി ദേശീയപാത 85-ൽ അടിമാലി-കുമ്പൻപാറ ഭാഗത്തുണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ടയാളുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും മണ്ണിടിച്ചിലുണ്ടായ പ്രദേശത്തുനിന്നും മാറ്റിപ്പാർപ്പിച്ചവർക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കൊച്ചി ധനുഷ്കോടി ദേശീയപാതയിലെ അടിമാലി-കുമ്പൻപാറ ഭാഗത്ത് മണ്ണിടിച്ചിലുണ്ടായ പ്രദേശത്തുനിന്നും മാറ്റിപാർപ്പിച്ച 27 കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്ക് അടിയന്തര ധനസഹായമായി 15,000 രൂപയും മരണപ്പെട്ടയാളുടെ മകൾക്ക് ഒരു ലക്ഷം രൂപയും മാത്രമാണ് ദേശീയപാത അതോറിറ്റി നൽകിയത്. ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സ്ഥലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ദേശീയപാത അതോറിറ്റിയിലെ ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് ധനസഹായം നൽകുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

## V. മേശപ്പുറത്തുവച്ച കടലാസുകൾ

2025-ലെ സാമ്പത്തിക അവലോകനം, ഏഴാമത് പൊതു ചെലവ് പുനഃപരിശോധനാ

കമ്മിറ്റി രൂപീകരിച്ചത് സംബന്ധിച്ച എസ്.ആർ.ഒ. നം.6/2026 എന്നിവ മേശപ്പുറത്തുവച്ചു.

## VI. റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തിയെട്ട് മുതൽ നൂറ്റിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ശ്രീ. എച്ച്. സലാം: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ പ്രവർത്തനമികവും ഭാവികാഴ്ചപ്പാടും വ്യക്തമാക്കുന്നതാണ് ഗവർണ്ണറുടെ നയപ്രഖ്യാപനം. മികവാർന്ന വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ പത്തുവർഷംകൊണ്ട് സംസ്ഥാനത്ത് നടപ്പിലായിട്ടുള്ളത്. 65 ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാപെൻഷൻ, 333671 പേർക്ക് പി.എസ്.സി. വഴി നിയമനം, 87 വൻകിട കുടിവെള്ള പദ്ധതികൾ, ഗെയിൽ വാതക പൈപ്പ്ലൈൻ, മലയോര ഹൈവേ തുടങ്ങിയവ നടപ്പാക്കികൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കി മാറ്റിയതും ലൈഫ് ഭവന പദ്ധതിയിലൂടെ 5 ലക്ഷം പേർക്ക് വീടുകൾ നിർമ്മിച്ചുനൽകിയതും വാട്ടർമെട്രോ, കെ-ഫോൺ പദ്ധതി, വിഴിഞ്ഞം തുറമുഖം എന്നിവ യാഥാർത്ഥ്യമാക്കിയതും ശ്രദ്ധേയമാണ്. ആരോഗ്യരംഗത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളും കാർഷിക വിളകൾ, പാൽ, പച്ചക്കറി എന്നിവയുടെ ഉല്പാദനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതും മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചതുമുൾപ്പെടെ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: ഉപക്ഷേപത്തെ എതിർക്കുന്നു. പാർലമെന്ററി ജനാധിപത്യത്തിൽ പാലിക്കേണ്ട മര്യാദകൾ പാലിക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ശബരിമല സ്വർണ്ണപ്പാളി വിവാദം അന്വേഷിക്കുന്ന എസ്.ഐ.ടി.-യുടെമേൽ സമ്മർദ്ദം ചെലുത്തുന്നതിനുപുറമെ യഥാസമയം കുറ്റപത്രം സമർപ്പിക്കാതെ പ്രതികളെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീമതി സി. കെ. ആശ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാന കാബിനറ്റ് പാസ്സാക്കിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണ്ണർ മാറ്റം വരുത്തിയത് അപലപനീയമാണ്. കേന്ദ്രം സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും അതിനെ മറികടന്ന് സംസ്ഥാന സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഉപക്ഷേപത്തെ എതിർക്കുന്നു. സംസ്ഥാനത്ത് കഴിഞ്ഞ

പത്ത് വർഷത്തിനുള്ളിൽ കാര്യമായ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടപ്പായിട്ടില്ല. ഡോക്ടർമാരുടെ നിയമനം തടസ്സപ്പെട്ടതിനാൽ ആരോഗ്യ മേഖല പ്രതിസന്ധിയിലാണ്. ഉപരിപഠനത്തിനായി വിദ്യാർഥികൾ വിദേശത്തേക്ക് പോകുന്നത് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് മാത്രമല്ല ധനകാര്യ മാനേജ്മെന്റ് സമ്പൂർണ്ണ പരാജയവുമാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അതിദരിദ്രരില്ലാത്ത കേരളം എന്ന പ്രഖ്യാപനം രാജ്യത്തിനാകെ മാതൃകയാണ്. എരുമേലിയിലെ ശബരി ഗ്രീൻഫീൽഡ് ഇന്റർനാഷണൽ എയർപോർട്ട് 2030-ഓടുകൂടി യാഥാർത്ഥ്യമാക്കുമെന്ന പ്രഖ്യാപനവും സ്വന്തമായി ഭൂമിയില്ലാത്തവർക്ക് പട്ടയം നൽകാൻ സ്വീകരിച്ച നടപടിയും അഭിമാനകരമാണ്. സംസ്ഥാനം പാസ്സാക്കിയ വന്യജീവി സംരക്ഷണ നിയമ ഭേദഗതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പരിശ്രമമുണ്ടാകണം.

ശ്രീ. അനൂപ് ജേക്കബ്: ഉപക്ഷേപത്തെ എതിർക്കുന്നു. വന്യജീവി ആക്രമണം തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും ശാശ്വതവും ഫലപ്രദവുമായ നിയമനിർമ്മാണം നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. വർധിച്ചുവരുന്ന ബാലപീഡനങ്ങളും തെരുവുനായ ആക്രമണം മൂലമുണ്ടാകുന്ന മരണങ്ങളും തടയാൻ സർക്കാരിന് സാധിച്ചിട്ടില്ല. ആവശ്യമുള്ള ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കാത്തതിനാൽ ആരോഗ്യരംഗം പ്രതിസന്ധി നേരിടുകയാണ്. നികുതി ഭാരം വർധിപ്പിച്ച് ജനജീവിതം ദുസ്സഹമാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലുണ്ടായ പുരോഗതിയുൾപ്പെടെ നവകേരള സൃഷ്ടിക്കായി സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയ വികസന പദ്ധതികൾ രാജ്യത്തിന് മാതൃകയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനോട് കാണിക്കുന്ന വിവേചനപരമായ സമീപനം പ്രതിഷേധാർഹമാണ്. ശബരിമല സ്വർണ്ണപ്പാളി വിഷയത്തിൽ കൃത്യമായ നിലപാട് സ്വീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പശ്ചാത്തല വികസന മേഖലയിൽ കിഫ്ബിയിലൂടെ കൈവരിച്ച നേട്ടം വിസ്മയകരമാണ്. ദേശീയ/മലയോര ഹൈവേ ഉൾപ്പെടെയുള്ള റോഡ് വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ആരോഗ്യ മേഖലയിലുൾപ്പെടെ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാനും ഭൂരഹിതർക്ക് ഭൂമി നൽകാനും സാധിച്ചത് അഭിനന്ദനാർഹമാണ്.

VIII. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

സർക്കാർ ആശുപത്രികളിലുണ്ടാകുന്ന ചികിത്സാപിഴവുകളും ആരോഗ്യ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധിയും

ശ്രീ. പി. സി. വിഷ്ണുനാഥ്: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി "സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: നെഞ്ചുവേദനയെത്തുടർന്ന് വിളപ്പിൽശാല സർക്കാർ ആശുപത്രിയിലെത്തിച്ച ബിസ്മിർ എന്ന യുവാവ് ഗുരുതരാവസ്ഥയിലായിരുന്നിട്ടും പ്രാഥമിക ചികിത്സ നൽകാനോ സി.പി.ആർ. നൽകാനോ അധികൃതർ തയ്യാറായില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്കുള്ള യാത്രാമധ്യേ ബിസ്മിർ മരണപ്പെട്ടു. ആരോഗ്യവകുപ്പ് അധികൃതർ ബിസ്മിറിന്റെ ഭാര്യയെ സന്ദർശിക്കുകയോ അന്വേഷണ റിപ്പോർട്ടിൽ മൊഴി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതുപോലുള്ള സംഭവങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഉണ്ടായിട്ടും ആരോഗ്യവകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത് വീഴ്ചകൾ ആവർത്തിക്കുന്നതിന് കാരണമാകുന്നു. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കാത്തത് രോഗീ പരിചരണത്തെയും മെഡിക്കൽ വിദ്യാഭ്യാസത്തെയും പ്രതികൂലമായി ബാധിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: വിളപ്പിൽശാല സർക്കാർ ആശുപത്രിയിൽ നടന്നത് തികഞ്ഞ അനാസ്ഥയാണെന്നാരോപിച്ച് കേരളത്തിന്റെ ആരോഗ്യനേട്ടങ്ങളെ ഇകഴ്ത്തിക്കാണിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ബിസ്മിറിനെ കൃത്യസമയത്ത് പരിശോധിക്കുകയും മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും ചെയ്തിരുന്നു. മരണത്തെപ്പോലും മാധ്യമങ്ങൾ രാഷ്ട്രീയവൽക്കരിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: ആരോഗ്യ രംഗത്തെ നേട്ടങ്ങളെക്കുറിച്ചുള്ള വകുപ്പുമന്ത്രിയുടെ അവകാശവാദങ്ങൾ പരിഹാസ്യമാണ്. 24 മണിക്കൂർ ക്രിട്ടിക്കൽ കെയർ സംവിധാനം മെഡിക്കൽ കോളേജുകളിൽ മാത്രമായി ചുരുങ്ങിയതും സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ എണ്ണം കുറഞ്ഞതും പരിശോധിക്കപ്പെടണം.

ശ്രീ. ഇ. കെ. വിജയൻ: സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആതുര ശുശ്രൂഷാ സംവിധാനം ഉന്നത നിലവാരം പുലർത്തുന്നതാണ്. ഡോക്ടർ രോഗീ അനുപാതം മെച്ചപ്പെടുകയും ആയുർദൈർഘ്യം ഉയരുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ജനസംഖ്യയുടെ 50 ശതമാനത്തിലധികം പേരും പൊതു ആരോഗ്യ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നവരാണെന്നത് ആരോഗ്യ മേഖലയുടെ വളർച്ചയെ സൂചിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: ചികിത്സയുടെ അഭാവംമൂലം മരണപ്പെടുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർധിക്കുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കണം. പുതുതായി അനുവദിച്ച സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള വിവിധ വിഭാഗം ഡോക്ടർമാരുടെ തസ്തികകളിൽ മലപ്പുറം ജില്ലയിൽ കൂടുതൽ പേരെ നിയമിക്കണം. ശോചനീയാവസ്ഥയിലായ താലൂക്കാശുപത്രി കെട്ടിടം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഡോക്ടർമാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണം.

ശ്രീ. പ്രമോദ് നാരായൺ: രാജ്യത്ത് ആരോഗ്യരംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമാണ് കേരളം. ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. ശബരിമല തീർഥാടകർക്കായി നിലയ്ക്കലിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിച്ചിട്ടുത് പ്രശംസനീയമാണ്.

ശ്രീ. മോൻസ് ജോസഫ്: വിളപ്പിൽശാല സർക്കാർ ആശുപത്രിയിൽ മതിയായ ചികിത്സ ലഭിക്കാതെ മരിച്ച കൊല്ലംകോണം സ്വദേശി ബിസ്മിറിന്റെ കുടുംബത്തിന്റെ സംരക്ഷണം ഏറ്റെടുക്കുന്നതോടൊപ്പം ആവശ്യമായ ധനസഹായം നൽകുന്നതിനും നടപടിയുണ്ടാകണം. കോട്ടയം മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയ ഉൾപ്പെടെ തടസ്സപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായത് പരിശോധിക്കണം. കുറവിലങ്ങാട് താലൂക്ക് ആശുപത്രി മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിക്കണം. ചികിത്സാ പിഴവുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഗൗരവമായി കാണുന്നതോടൊപ്പം ആരോഗ്യ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാനും തയ്യാറാകണം.

ശ്രീമതി ശാന്തകുമാരി കെ.: കോവിഡ്, നിപ തുടങ്ങിയ മഹാമാരികളെ ഫലപ്രദമായി പ്രതിരോധിക്കാനും ആരോഗ്യ രംഗത്തെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ആധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ജനകീയാരോഗ്യ കേന്ദ്രങ്ങൾ, നഗര-ജനകീയാരോഗ്യ കേന്ദ്രങ്ങൾ എന്നിവയിലൂടെ മികച്ച സേവനം ലഭ്യമാക്കാനും ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്താനും ശിശുമരണ നിരക്ക് ഗണ്യമായി കുറച്ചുകൊണ്ടുവരാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്തെ മികച്ച പ്രവർത്തനങ്ങളുടെ ഫലമായി നിരവധി ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ കരസ്ഥമാക്കാൻ

സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സാധാരണക്കാർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പാക്കികൊണ്ട് ആരോഗ്യ കേന്ദ്രങ്ങൾ രോഗീസൗഹൃദമാക്കി മാറ്റാനും കോവിഡ്, നിപ തുടങ്ങിയ മഹാമാരികളെ ഫലപ്രദമായി പ്രതിരോധിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയതിലൂടെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ എണ്ണം വർധിക്കുകയും ആരോഗ്യ മേഖലയിൽ നിരവധി പുരസ്കാരങ്ങൾ നേടിയെടുക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തിയതും ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾ യാഥാർഥ്യമാക്കിയതും കാസർഗോഡ് മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയതും സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെ യാഥാർഥ്യമാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. തോമസ് കെ. തോമസ്: ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് കേരളത്തിന് ഒന്നാം സ്ഥാനമാണുള്ളത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. കോവിഡ്, നിപ തുടങ്ങിയ മഹാമാരികളെ ഫലപ്രദമായി പ്രതിരോധിക്കാൻ ആരോഗ്യ വകുപ്പിന് സാധിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെ നടത്താനും ശിശുമരണ നിരക്ക് ഗണ്യമായി കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സംസ്ഥാനത്തെ ആരോഗ്യ മേഖല കഴിഞ്ഞ പത്ത് വർഷത്തിനിടെ അസൂയാവഹമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് കേരളത്തിലാണ്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ എണ്ണം ഗണ്യമായി വർധിച്ചത് പൊതുജനാരോഗ്യ രംഗത്തെ മെച്ചപ്പെട്ട സേവനങ്ങളുടെ തെളിവാണ്. കാസ്പ് പദ്ധതിയിലൂടെ 7163 കോടി രൂപയുടെയും കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ 544 കോടി രൂപയുടെയും കാൻസർ രോഗികൾക്ക് 1400 കോടി രൂപയുടെയും സൗജന്യ ചികിത്സ ലഭ്യമാക്കിയതും കെ.എം.എസ്.സി.എൽ. മുഖേന 3300 കോടി രൂപയുടെ മരുന്ന് സൗജന്യമായി വിതരണം ചെയ്തതും പൊതുജനാരോഗ്യ സംവിധാനത്തിന്റെ നേട്ടങ്ങളാണ്.

ശ്രീ. കെ. വി. സുമേഷ്: സംസ്ഥാനത്ത് നവജാത ശിശുമരണ നിരക്കും മാതൃമരണ നിരക്കും ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ആദ്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ

ശസ്ത്രക്രിയയും വിജയകരമായി നടത്തിയതും കണ്ണൂർ ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയതും സർക്കാരിന്റെ നേട്ടങ്ങളാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർക്കാരിന്റെ അവധാനതയില്ലാത്ത പ്രവർത്തനങ്ങളുടെ ഫലമായി ആരോഗ്യരംഗം തകർന്നിരിക്കുകയാണ്. ആരോഗ്യ മേഖലയിൽ വ്യാപക ക്രമക്കേടാണുണ്ടായിരിക്കുന്നത്. ചികിത്സാപ്പിഴവുകൾ അന്വേഷണ റിപ്പോർട്ടുകളിലൊതുക്കുകയും ക്രമക്കേടുകൾ ചൂണ്ടിക്കാട്ടുന്നവരെ വേട്ടയാടുകയും ചെയ്യുന്ന ഹീനമായ നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ജനറൽ/താലൂക്ക് ആശുപത്രികളിൽ അടിയന്തര ചികിത്സ ലഭ്യമാക്കാതെയും മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങളും സ്റ്റാഫ് പാറ്റേണും അനുവദിക്കാതെയും ആരോഗ്യ മേഖലയെ തകർക്കുന്ന നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പൊതുജനാരോഗ്യ സംവിധാനത്തെ അട്ടിമറിക്കാനും സ്വകാര്യ ആശുപത്രികളെ പരിപോഷിപ്പിക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. മഞ്ചേരി, ഇടുക്കി, വയനാട്, കോന്നി മെഡിക്കൽ കോളേജുകളോടുള്ള അവഗണന അവസാനിപ്പിക്കണം. സർക്കാർ ആശുപത്രികളിലെ ചികിത്സാച്ചെലവ് വളരെയധികം വർധിച്ചിരിക്കുകയാണ്. ജില്ലാ/താലൂക്ക് ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സംസ്ഥാനത്തിന്റെ ആരോഗ്യ/മെഡിക്കൽ വിദ്യാഭ്യാസ മേഖലകളിൽ നിരവധി നേട്ടങ്ങളാണ് സർക്കാർ കൈവരിച്ചിരിട്ടുള്ളത്. 76 കോടി രൂപ ചെലവഴിച്ച് കുണ്ടറ താലൂക്കാശുപത്രി നവീകരിക്കുകയും സംസ്ഥാനത്തെ 125 ആശുപത്രികളിൽ സൗജന്യ ഡയാലിസിസ് സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്ത് ആദ്യമായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കോർണിയ ട്രാൻസ്പ്ലാന്റേഷൻ നടന്നത് ഈ സർക്കാരിന്റെ കാലത്താണ്. എല്ലാ ജില്ലാ ആശുപത്രികളിലും കാത്ത് ലാബ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകളും 7 ജില്ലകളിൽ സർക്കാർ നഴ്സിങ് കോളേജുകളും അനുവദിച്ചത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. കൊച്ചിൻ ക്യാൻസർ സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ചിട്ടുണ്ട്. രാജ്യത്താദ്യമായി എറണാകുളം ജനറൽ ആശുപത്രിയിൽ സങ്കീർണമായ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുകയും ഐ.സി.യു. ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ

ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മാതൃ/ശിശുമരണ നിരക്കും പകർച്ചവ്യാധിമൂലമുള്ള മരണനിരക്കും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഗർഭാവസ്ഥയിലുള്ള കുഞ്ഞിന് ജനിതക വൈകല്യമുണ്ടോയെന്ന് തിരിച്ചറിയാനുള്ള ജനറ്റിക് പരിശോധനാ സംവിധാനം ആരംഭിക്കുകയും സൗജന്യ ചികിത്സാ പദ്ധതിക്കായി 8400 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അടിമാലി താലൂക്കാശുപത്രിയിലും ഇടുക്കി മെഡിക്കൽ കോളേജിലും കാത്ത് ലാബ് സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പ്രസവ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ കത്രിക അകപ്പെട്ട് ദുരിതമനുഭവിക്കുന്ന ഹർഷീനയ്ക്ക് സമാശ്വാസമായി രണ്ട് ലക്ഷം രൂപ അനുവദിക്കുകയും ഇതിന് ഉത്തരവാദികളായ ആരോഗ്യ പ്രവർത്തകർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. കൊല്ലംകോണം സ്വദേശിയായ ബിസ്മിറിനെ 19-01-2026-ന് ശ്വാസതടസ്സം അനുഭവപ്പെട്ടതിനെത്തുടർന്ന് പുലർച്ചെ 01.28-ന് വിളപ്പിൽശാല സർക്കാർ ആശുപത്രിയിലെത്തിക്കുകയും അവിടെ പ്രാഥമിക ചികിത്സ നൽകിയതിനുശേഷം ആംബുലൻസിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയെങ്കിലും വഴിമധ്യേ മരണപ്പെടുകയാണുണ്ടായത്. പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ചാൽ മാത്രമെ മരണകാരണം കൃത്യമായി അറിയാൻ സാധിക്കുകയുള്ളൂ. കുടുംബത്തിന്റെ പരാതിയിൽ ഭാരതീയ ന്യായ സംഹിതയിലെ 194-ാം വകുപ്പ് പ്രകാരം വിളപ്പിൽശാല പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലാ ആശുപത്രിയിൽ ഒൻപത് വയസ്സുള്ള കുട്ടിയുടെ കൈ മുറിച്ചുമാറ്റിയ സംഭവത്തിന് ഉത്തരവാദികളായ ആരോഗ്യപ്രവർത്തകരെ സസ്പെൻഡ് ചെയ്യുകയും കുട്ടിക്ക് സമാശ്വാസ ധനസഹായമായി രണ്ട് ലക്ഷം രൂപയും വനിതാ ശിശു വികസന വകുപ്പ് മുഖേന പ്രതിമാസ ധനസഹായമായി നാലായിരം രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെ മികച്ച സേവനമാണ് ലഭ്യമാക്കുന്നത്.

ഉപക്ഷേപം സഭ നിരാകരിച്ചു.

(ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ അവാസ്തവ പരാമർശങ്ങളിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച (തുടർച്ച)**

<u>ശ്രീ. ലിന്റോ ജോസഫ്</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സമസ്തമേഖലകളിലും പുരോഗതി കൈവരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. മുണ്ടക്കൈ-ചൂരൽമല ദുരിതബാധിതരെ

കുറഞ്ഞ കാലയളവിനുള്ളിൽ പുതിയ ടൗൺഷിപ്പിലേക്ക് മാറ്റിപ്പാർപ്പിക്കാൻ സാധിച്ചത് അഭിമാനാർഹമാണ്. സംസ്ഥാന സ്കൂൾ കലോത്സവം കുറ്റമറ്റ രീതിയിൽ നടത്താനും വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കാനും അധ്യാപകർക്ക് കുട്ടികളെ വിലയിരുത്താൻ കഴിയുന്ന തരത്തിൽ ക്ലാസ് മുറികൾ ക്രമീകരിക്കാനും ഉച്ചഭക്ഷണ പദ്ധതി വൈവിധ്യവൽക്കരിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലൂടെ കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ലൈഫ് പദ്ധതിയിലൂടെ നിരവധി വീടുകൾ നിർമ്മിച്ച് നൽകാനായതും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ 6500 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാക്കാനായതും അഭിനന്ദനാർഹമാണ്. ഗെയിൽ പൈപ്പ്‌ലൈൻ, കൊച്ചി മെട്രോ, വാട്ടർ മെട്രോ, തീരദേശ -മലയോര ഹൈവേ എന്നീ പദ്ധതികൾ സർക്കാരിന്റെ ഭരണനേട്ടങ്ങളാണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ തുടർഘട്ട പ്രവർത്തനങ്ങളും കല്ലാടി-മേപ്പാടി തുരങ്കപാത പ്രവൃത്തിയും ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. ഡി. പ്രസേനൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ 2000 രൂപയാക്കി വർധിപ്പിച്ചതും വീട്ടമ്മമാർക്ക് സ്ത്രീ സുരക്ഷാ പദ്ധതിയിലൂടെ വരുമാനം ലഭ്യമാക്കിയതും പ്രശംസനീയമാണ്. എല്ലാ വിഭാഗം ജനങ്ങളെയും സംരക്ഷിച്ചുകൊണ്ടുള്ള നവകേരള സൃഷ്ടിക്കാണ് സർക്കാർ മുൻഗണന നൽകുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിനിടയിലും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് സർക്കാർ മുടക്കം വരുത്തിയിട്ടില്ല. തനത് വരുമാനം വർധിപ്പിച്ച് അഭിമാനകരമായ നിരവധി പദ്ധതികളുമായി മുന്നോട്ടുപോകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങൾ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): ഉപക്ഷേപത്തെ എതിർക്കുന്നു. യാതൊരു നയവുമില്ലാത്ത നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സാമ്പത്തികവർഷം അവസാനിക്കാൻ രണ്ടുമാസം ബാക്കിനിൽക്കെ നാളിതുവരെയുള്ള പദ്ധതി പുരോഗതി 38 ശതമാനം മാത്രമാണ്. പ്ലാൻ ഫണ്ടിന്റെ 50 ശതമാനം തുകപോലും ചെലവഴിക്കാത്തത് പരിതാപകരമാണ്. കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാനുള്ള 56,000 കോടി രൂപ ലഭിച്ചിട്ടുണ്ടോയെന്ന് സർക്കാർ വ്യക്തമാക്കണം. കോവിഡ് കാലഘട്ടത്തിൽ മരുന്ന് വിതരണത്തിലുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച സി.&എ.ജി. റിപ്പോർട്ട് ഗൗരവമായി

കാണണം. ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന സർക്കാർ വാഗ്ദാനം പാലിക്കപ്പെടുന്നില്ല. വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണ്. റബ്ബറിന്റെ താങ്ങുവില 250 രൂപയായും സാമൂഹ്യ സുരക്ഷാ പെൻഷൻ 2500 രൂപയായും വർധിപ്പിക്കണം. ക്ഷേമനിധി ബോർഡുകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിലും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിലും ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അധ്യാപകരുടെയും ഡി.എ. കുടിശ്ശിക നൽകാൻ ഇതുവരെ സാധിച്ചിട്ടില്ല. വന്യജീവി ആക്രമണം തടയാനും പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെ വിവിധ മേഖലകളിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാനും സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിലക്കയറ്റം തടയുന്നതിന് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡും നടത്തുന്നത്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തുന്ന സാമ്പത്തിക ഉപരോധത്തെ ഫലപ്രദമായി നേരിടാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കുടിശ്ശികയായിരുന്ന 18 മാസത്തെ സാമൂഹ്യ ക്ഷേമ പെൻഷൻ കൊടുത്തുതീർത്തതോടൊപ്പം പെൻഷൻ തുക വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആർദ്രം മിഷൻ നടപ്പാക്കിയതിന്റെ ഭാഗമായി താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജ് ആശുപത്രികളിൽവരെ വിവിധ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്താനും നവജാത-ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതിന്റെ ഫലമായി ഇന്ത്യയിലെ സർവകലാശാലകളുടെ റാങ്കിങ്ങിൽ ആദ്യത്തെ 12-ൽ മൂന്നെണ്ണം കേരളത്തിലെ സർവകലാശാലകൾക്ക് ലഭിച്ചിട്ടുണ്ട്. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി ബോധവത്കരണ ക്ലാസുകളും പ്രചാരണപരിപാടികളും സംഘടിപ്പിക്കുകയും മയക്കുമരുന്നിന്റെ ഉറവിടം കണ്ടെത്തി കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് ഡി.എ. അവകാശപ്പെട്ടതും അത് നൽകാൻ പ്രതിജ്ഞാബദ്ധവുമാണെന്ന സമീപനമാണ് സർക്കാരിനുള്ളത്. അസാധ്യമെന്ന് കരുതിയിരുന്ന നിരവധി പദ്ധതികൾ യാഥാർഥ്യമാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ജനവിശ്വാസം ആർജിച്ചുകൊണ്ടും ജനങ്ങളെ കബളിപ്പിച്ചിട്ടില്ലെന്ന ഉത്തമ ബോധ്യത്തോടെയുമാണ് തിരഞ്ഞെടുപ്പിനെ നേരിടാൻ സർക്കാർ സന്നദ്ധമാകുന്നത്. അടിസ്ഥാനമില്ലാത്തതും വസ്തുതാവിരുദ്ധവുമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. അടിസ്ഥാന സൗകര്യവികസനത്തിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് നേരിട്ട് അനുഭവവേദ്യമാണ്. മുൻസർക്കാരുകളുടെ കാലത്ത് മുടങ്ങിക്കിടന്നതും ഉപേക്ഷിച്ചതുമായ പല പദ്ധതികളും ഈ സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. വ്യാവസായിക രംഗത്ത് വിപ്ലവകരമായ നേട്ടങ്ങളുണ്ടാക്കാനും ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ രാജ്യത്ത് ഒന്നാമതെത്താനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനും വിദ്യാർഥികൾക്ക് യഥാസമയം പഠന സാമഗ്രികൾ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. ആരോഗ്യം, വ്യവസായം, ഐ.ടി. എന്നീ മേഖലകളിൽ വമ്പിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചതും സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടാനായതും രാജ്യത്തിനുതന്നെ മാതൃകയാണ്. ബഹുരാഷ്ട്ര കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്താൻ സന്നദ്ധത അറിയിച്ചതിന് കാരണം സ്റ്റാർട്ടപ് രംഗത്തുണ്ടായ കുതിച്ചുചാട്ടമാണ്. സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന വിഷയങ്ങളിൽ ശക്തമായ നിലപാട് സ്വീകരിച്ച സർക്കാരിന് ഭരണതുടർച്ചയുണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയം 26 -നെതിരെ 66 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 5.35-ന് പിരിഞ്ഞു.